(ഡി) പ്രൈവറ്റ് ആയി താമസിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന ആനുകൂല്യം 1000-ൽ നിന്നും 1500 ആക്കി സർക്കാർ ഉയർത്തി. അർഹരായ വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. ആനുകൂല്യവും നൽകുന്നുണ്ട്.

ഡോക്ടർമാരുടെ സമരം

42 (4913) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി എത്ര തവണ സമരം നടത്തിയിട്ടുണ്ട് ;

(ബി) ഇതിൽ ചട്ടപ്പടി സമരവും പണിമുടക്ക് സമരവും എത്ര തവണ നടത്തി ;

(സി) ഈ സമരങ്ങളെ നേരിടാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) അവരുടെ ആവശ്യങ്ങൾ ഏതെങ്കിലും അംഗീകരിച്ചു കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഇ) അവ എന്നാണ് അംഗീകരിച്ചത് ;

(എഫ്) അവ അംഗീകരിച്ചുകൊടുത്ത ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ജി) ഇനി ഏതെല്ലാം ആവശ്യങ്ങൾ അംഗീകരിച്ചുകൊടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഈ ആവശ്യങ്ങൾ അംഗീകരിക്കാത്തതിന് കാരണങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ - എച്ച്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ പ്ലേസ്മെന്റ്

43 (4914) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ പ്ലേസ്മെന്റ്/പോസ്റ്റിംഗിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ഡോക്ടർമാർക്ക് നിലവിലെ ഉത്തരവുകൾ പ്രകാരമുള്ള പരിരക്ഷ കിട്ടിയിട്ടില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ; എന്ന് വിശദമാക്കുമോ ;

(സി) വിവിധ കേഡറുകളിലെ ടെമ്പററി പ്രൊമോഷൻ പ്ലേസ്മെന്റ്/ പോസ്റ്റിംഗ് നടത്തിയപ്പോൾ 3-10-1980-ലെ ജി.ഒ.എം.എസ്.459/80/ജി.എ.ഡി, 10-9-2004-ലെ ജി.ഒ.(പി)12/04/പി ആന്റ് എ.ആർ.ഡി. എന്നിവ പ്രകാരമുള്ള പരിരക്ഷ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഡോക്ടർമാർക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിരക്ഷ ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ പരിശോധിച്ചുവരുന്നു.

(സി) ഇല്ല. സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം കേരളത്തിലെ 118 ആശുപത്രികളിൽ നടപ്പിലാക്കിയപ്പോൾ ഓരോ കേഡറിലും നിശ്ചയിച്ചിരുന്ന തസ്തികകളുടെ അടിസ്ഥാനത്തിലും സ്പെഷ്യൽ റൂൾ പ്രകാരമുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും മാത്രമാണ് സ്പെഷ്യാലിറ്റി/അഡ്മിനിസ്ട്രേറ്റീവ് കേഡർ ഓപ്റ്റ് ചെയ്ത ഡോക്ടർമാർക്ക് നിയമനം നടത്തിയിരിക്കുന്നത്. സ്പെഷ്യൽ റൂൾ പ്രകാരമുള്ള സിനിയോറിറ്റി ഓപ്ഷൻ എന്നിവ മാത്രം പരിഗണിച്ചാണ് മേൽ സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രാരംഭ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. പുതിയ സിസ്റ്റം നടപ്പാക്കിയതിന്റെ ഭാഗമായി നടത്തിയ നിയമനം മാത്രമായതിനാലും സ്ഥലം മാറ്റമല്ലാത്തതിനാലും സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയില്ല. വരും വർഷങ്ങളിൽ സ്ഥലംമാറ്റം നടത്തുമ്പോൾ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള പരിരക്ഷ ഉറപ്പുവരുത്തുവാൻ കഴിയും.

മെഡിക്കൽ പി.ജി. ഡിപ്ലോമ സംവരണകാര്യത്തിൽ കോടതി വിധി

44 (4915) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പി.ജി. ഡിപ്ലോമ പ്രവേശനത്തിന് എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള സംവരണകാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിനെതിരെ കോടതി വിധിയുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനെതിരെ സർക്കാർ അപ്പീൽ നൽകുകയുണ്ടായോ എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) അപ്പീലിന്മേലുള്ള കോടതി തീരുമാനം എന്തായിരുന്നു ; ആ തീരുമാനം നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly